പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.635**

**10.06.2014 ൽ മറുപടിയ്ക്ക്**

## മിഷൻ 676

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. പി.സി. വിഷ്ണുനാഥ് :<br>ശ്രീ. വി.റ്റി.ബൽറാം :<br>ശ്രീ. ഹൈബി ഈഡൻ : | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ 676 – ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (എ) (ബി) (സി) യുവജന മുന്നേറ്റം ലക്ഷ്യമാക്കി മിഷൻ676 – ൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. ടി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | |
| സി) പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ? | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1. ജോബ് ഫെയർ

വിവിധ മേഖലകളിൽ പ്രാഗത്ഭ്യം നേടിയ സംസ്ഥാനത്തെ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഐ.റ്റി രംഗത്തെയും മറ്റ് മേഖലകളിലെയും പ്രശസ്ത കമ്പനികളെ പങ്കെടുപ്പിച്ചു കൊണ്ട് ജോബ്ഫെയറുകൾ സംഘടിപ്പിക്കും.

## 2. ആസ്ഥാന മന്ദിര നിർമ്മാണം

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന് ആസ്ഥാന മന്ദിരവും അതോടനുബന്ധിച്ച് യൂത്ത് കൺവെൻഷൻ സെന്ററും 929 ലക്ഷം രൂപ ചെലവിൽ തിരുവനന്തപുരം കടപ്പനക്കുന്നിൽ നിർമ്മിക്കും.

## 3. യൂത്ത് ഭവൻ വയനാട്

വയനാട് ജില്ലയിൽ ജില്ലാ യുവജനകേന്ദ്രം, യൂത്ത് ഹോസ്റ്റൽ,കൺവെൻഷൻ സെന്റർ, പരിശീലന കേന്ദ്രം തുടങ്ങിയവ അടങ്ങുന്ന ജില്ലാ ആസ്ഥാന മന്ദിരം പനമരത്ത് നിർമ്മിക്കും.

## 4. സാഹസിക അക്കാഡമി - ദേവികുളം

യുവാക്കളിൽ സാഹസികത വളർത്തുക, സാഹസിക കർമ്മശേഷി ജനനന്മയ്ക്ക് വിനിയോഗിക്കുക, സാഹസിക പരിശീലനം നൽകുക എന്നീ ലക്ഷ്യങ്ങളോടുകൂടി ഇടുക്കി ജില്ലയിലെ ദേവികുളത്ത് പ്രവർത്തിക്കുന്ന ദേശീയ സാഹസിക അക്കാഡമിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കും.

## 5. സംരംഭകത്വ വികസന പദ്ധതി

കേരളത്തിലെ യുവജനങ്ങളുടെ സംരംഭകത്വ കഴിവ് വളർത്തി അവരെ സംരംഭകരാക്കാൻ പ്രാപ്തരാക്കുന്നതിനു വേണ്ടിയുള്ള പരിശീലനം അഹമ്മദാബാദിലെ Enterpreneurship Development Institute of India എന്ന ദേശീയ സ്ഥാപനത്തിന്റെ സഹകരണത്തോടെ നടപ്പാക്കും. 2013 ൽ 277 പേർക്ക് പരിശീലനം നൽകി.

## 6. യുവജന പഠന ഗവേഷണ കേന്ദ്രം

കേരളത്തിലെ യുവജനങ്ങളെ സംബന്ധിച്ച് സമഗ്രവും ആധികാരികവുമായ പഠനങ്ങൾ നടത്തി നയരൂപീകരണത്തിനും, പദ്ധതി ആസൂത്രണത്തിനും ആവശ്യമായ വിവരശേഖരമൊരുക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ,യുവജന പഠന ഗവേഷണ കേന്ദ്രം ആരംഭിക്കും. 5 വ്യത്യസ്ത വിഷയങ്ങളിൽ പഠനം നടത്തുന്നതിന് അതാത് വിഷയങ്ങളിൽ യോഗ്യതയുള്ളവരെ റിസർച്ച് അസോസിയേറ്റുകളായി നിയമിക്കുന്നു. പദ്ധതി പ്രവർത്തനങ്ങൾ തുടരുന്നു.

## 7. ജീവദായിനി - സമഗ്ര രക്തദാന പദ്ധതി

രക്തത്തിന് തുല്യം രക്തം തന്നെയാണ് എന്ന സന്ദേശം ഉൾക്കൊണ്ട് രൂപീകരിച്ച പദ്ധതി യാണ് ജീവദായിനി. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ് നടപ്പിലാക്കുക. അടിയന്തിരഘട്ടങ്ങളിൽ സുരക്ഷിതവും സൗജന്യവുമായിട്ടുള്ള രക്തദാനം, സന്നദ്ധ രക്തദാന ഗ്രൂപ്പ് രൂപീകരണം, രക്തദാതാക്കളുടെ ഡേറ്റാ ബാങ്ക്, ഓൺലൈൻ ഡേറ്റാ ബാങ്ക്, രക്തബാങ്കുകളിൽ രക്തം ലഭ്യമാക്കുക തുടങ്ങിയവയാണ് ജീവദായിനി പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ